**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**<u>ക്രൈംബ്രാഞ്ച് പുന:സംഘടന</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2085** **5/12/2018-ൽ മറുപടിക്ക്**

**<u>ചോദ്യം</u>**

**ശ്രീ.അനിൽ അക്കര**

**<u>മറുപടി</u>**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ക്രൈംബ്രാഞ്ചിനെ റവന്യൂ ജില്ലാടിസ്ഥാനത്തിൽ എസ്.പി.മാർക്ക് ചുമതല നൽകി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) നം.162/18/ ആഭ്യന്തരം തീയതി 11.10.2018 പ്രകാരം റവന്യൂ ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാർക്ക് ചുമതല നൽകി ക്രൈംബ്രാഞ്ച് പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളുടെ അധിക ചുമതല യഥാക്രമം കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്കാണ് നൽകിയിട്ടുള്ളത്. |
| (ബി) | പുന:സംഘടന നടത്തുന്നതിന് മുമ്പ് ഇതു സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ലോ & ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കും. ഇതിനായി പോലീസിൽ പ്രത്യേക സംവിധാനം ഉണ്ടാക്കും. പോലീസ് ആധുനികവൽക്കരിക്കും എന്ന സർക്കാർ വാഗ്ദാനം പാലിച്ചുകൊണ്ടുള്ള തീരുമാനമാണ് ക്രൈം ബ്രാഞ്ച് പുന:സംഘടന. ഇതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്ന ക്രമസമാധാന പരിപാലനം, കുറ്റകൃത്യങ്ങളിൽ മുഖം നോക്കാതെയും ജാഗ്രതയോടെയുള്ള അന്വേഷണരീതി, ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുംവിധം ശാസ്ത്രീയ മാർഗങ്ങളിലൂടെയുള്ള |

| | | | |
|---|---|---|---|
| | | | തെളിവ് ശേഖരണം, ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അന്വേഷണ സംഘങ്ങൾ രൂപീകരിക്കാനുള്ള സൗകര്യം എന്നിവ സാധ്യമാകും. |
| (സി) | ഇത്തരത്തിലുള്ള പുന:സംഘടന ക്രൈംബ്രാഞ്ചിന് ഏതു വിധത്തിൽ ഗുണകരമാകുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | പുന:സംഘടിപ്പിക്കുന്നതിനു മുൻപ് ഒരു ജില്ലയിലെ പോലീസ് സൂപ്രണ്ടിന് രണ്ടും, അതിലധികവും ജില്ലകളുടെ ചുമതല ഉണ്ടായിരുന്നു. കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടത്തിന് ആയത് ബുദ്ധിമുട്ടായിരുന്നു. പുന:സംഘടന നടപ്പിലായതിനുശേഷം എസ്.പി.യ്ക്ക് ഒരു ജില്ലയുടെ മാത്രം ചുമതല നൽകിയതോടെ അന്വേഷണങ്ങളുടെ മേൽനോട്ടം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയുന്നു. കൂടാതെ പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിന് ഓരോ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ടും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഒന്നു വീതവും, സെൻട്രൽ യൂണിറ്റുകൾ രൂപീകരിച്ചിട്ടുള്ളത് കേസ് അന്വേഷണത്തിന് കൂടുതൽ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ